# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **7921** — **16.07.2014**- ലെ മറുപടിക്ക്

**മിഷൻ 676 ന്റെ ഭാഗമായുള്ള ധനസഹായം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. വി. ശശി** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) മിഷൻ 676 ന്റെ ഭാഗമായി കെ.ജി.റ്റി.ഇ/സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള കോഴ്സുകളിലേക്ക് പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) മിഷൻ 676 ന്റെ ഭാഗമായി കെ.ജി.റ്റി.ഇ/സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള കോഴ്സുകളിലേക്ക് പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്ക് പരിശീലനം നൽകുന്ന പദ്ധതിയുടെ രൂപരേഖ അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്ക്, പരിശീലന സ്ഥാപനത്തിന്റെ സ്വഭാവമനുസരിച്ച് ധനസഹായം അനുവദിക്കുന്നതാണ്. |
| ബി) ഇക്കാര്യത്തിന് ഒരു സഹകരണ സംഘത്തിന് നൽകുന്ന പരമാവധി ധനസഹായം എത്രയെന്ന് വെളിപ്പെടുത്തുമോ ; | (ബി) പദ്ധതിയുടെ രൂപരേഖ അംഗീകരിക്കുന്ന മുറയ്ക്ക് , പരിശീലന സ്ഥാപനത്തിന്റെ സ്വഭാവം കണക്കിലെടുത്ത് പരമാവധി തുക നിശ്ചയിച്ച് നൽകുന്നതാണ്. |
| സി) ഇതിനായുള്ള ധനസഹായം ഏത് ഹെഡിൽനിന്നാണ് വകയിരുത്തിയിട്ടുള്ളതെന്നും 2014 - 15 ലെ ബജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | ( സി) വാർഷിക പദ്ധതി 2014-15-ൽ പട്ടിക ജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനായി ശീർഷകം 2425-108-42 പ്രകാരം സബ്സിഡിയായി 486 ലക്ഷം രൂപയും, ശീർഷകം 4425-108-34 പ്രകാരം സർക്കാർ ഓഹരിയായി 114 ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**